കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കുമ്പളം ഗ്രാമപഞ്ചായത്ത് - ബിരുദതലം മുതൽ പാരലൽ കോളേജിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് നൽകുന്നത് - അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 140/2019/തസ്വഭവ                                   തിരുവനന്തപുരം, തീയതി, 24.01.2019

പരാമർശം :- 1. സ.ഉ (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14/02/2018.
2. കുമ്പളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.10.2018-ലെ കത്ത് .
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31/12/2018-ലെ 4.21 നമ്പർ തീരുമാനം .

## ഉത്തരവ്

പരാമർശം (1) ലെ മാർഗരേഖ പ്രകാരം ബിരുദതലം മുതൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കാവുന്നതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കുമ്പളം ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ചില മത്സ്യതൊഴിലാളികളുടെ മക്കൾ പാരലൽ കോളേജിലാണ് പഠിക്കുന്നത്. ഇവർക്കു കൂടി ലാപ് ടോപ് നൽകാനുള്ള പദ്ധതിക്ക് അനുമതി നൽകണമെന്ന് കുമ്പളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ സംബന്ധിച്ച രേഖ ഹാജരാക്കണമെന്ന നിബന്ധനയോടെ കുമ്പളം ഗ്രാമപഞ്ചായത്തിലെ ബിരുദതലം മുതൽ പാരലൽ കോളേജിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് നൽകുന്നതിനുള്ള പദ്ധതിക്ക് പരാമർശം( 2) ന്റെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ് ,കുമ്പളം ഗ്രാമപഞ്ചായത്ത്, എറണാകുളം .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ) പി.എയ്ക്ക്